I ഇ.ബി. XIV - കേരള നിയമസഭ /X-16

# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 22, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I **അടിയന്തരപ്രമേയം**

<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി</u>

<u>മി. സ്പീക്കർ</u>: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നിശ്ചയിച്ച സമയ പരിധിക്കകം പൂർത്തിയാക്കാൻ സാധിക്കില്ലെന്നുകാണിച്ച് അദാനി ഗ്രൂപ്പ് സർക്കാരിന് കത്ത് നൽകിയിരിക്കുന്ന സാഹചര്യത്തിൽ കെടുകാര്യസ്ഥതയും സർക്കാരിന്റെ അനാസ്ഥയുംമൂലം പദ്ധതി പ്രതിസന്ധിയിലായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. ഉബൈദുള്ള. അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നിലപാട് ബഡ്ജറ്റ് ചർച്ചാവേളയിൽ വ്യക്തമാക്കിയതാണ്. കാലാവധിക്കുമുമ്പ് പദ്ധതി പൂർത്തിയാക്കുമെന്ന് അദാനി ഗ്രൂപ്പ് വാഗ്ദാനം ചെയ്തിരുന്നു. അപ്രതീക്ഷിതമായ ചില പ്രയാസങ്ങൾ നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചില തടസ്സങ്ങൾ നേരിടുകയുണ്ടായി. പദ്ധതിയുടെ ഭാഗമായ പുലിമുട്ട് നിർമ്മാണം 600 മീറ്റർ പൂർത്തിയായി. പാറയുടെ ലഭ്യതക്കുറവ് കമ്പനി അറിയിച്ചതിൻപ്രകാരം സർക്കാരിന്റെ അധീനതയിലുള്ള പാറമടകളിൽനിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള എംപവേർഡ് കമ്മിറ്റിയും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. നിർമ്മാണ മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ വ്യവസായ വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കരാർ പ്രകാരം നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കരാർ കാലാവധി നീട്ടാനുള്ള അദാനി ഗ്രൂപ്പിന്റെ ന്യായവാദങ്ങൾ

അംഗീകരിക്കുകയില്ല. വീഴ്ചവന്നാൽ പിഴ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്ത് അനാസ്ഥയുണ്ടായിട്ടില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: 49 മാസങ്ങൾ കൊണ്ട് പൂർത്തീകരിക്കേണ്ട പദ്ധതിയുടെ 25 ശതമാനം പ്രവൃത്തിപോലും പൂർത്തീകരിച്ചിട്ടില്ല. ഓഖി ദുരന്തവും കരിങ്കൽക്ഷാമവുംമൂലം തടസ്സം നേരിടുന്നു എന്നുപറഞ്ഞ് കാലാവധി നീട്ടാൻ നിർമ്മാണകമ്പനി കത്ത് നൽകിയിരിക്കുകയാണ്. കരാർ പ്രകാരം കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ കമ്പനി നഷ്ടപരിഹാരം നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ പ്രകൃതി ദുരന്തമോ നിർമ്മാണ സാമഗ്രികളുടെ ലഭ്യതയിൽ തടസ്സമോ ഉണ്ടായാൽ നഷ്ടപരിഹാരം നൽകേണ്ടതില്ലെന്ന വ്യവസ്ഥയുമുണ്ട്. നിർമ്മാണ കമ്പനി ഉന്നയിച്ച വാദഗതികൾ സർക്കാർ അംഗീകരിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. റെയിൽവെ ലൈനിനുവേണ്ടി കേന്ദ്രാനുമതി വാങ്ങുകയോ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുകയോ പദ്ധതി മോണിറ്റർ ചെയ്യുകയോ പോർട്ട് സിറ്റി ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുകയോ സീ ഫുഡ് പാർക്ക് നിർമ്മിക്കുകയോ ചെയ്തിട്ടില്ല. തദ്ദേശവാസികളുടെ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ടാകണം പദ്ധതി നടപ്പാക്കേണ്ടത്. പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റ് രൂപീകരിച്ച

പാക്കേജ് നടപ്പാക്കണം. നഷ്ടപരിഹാര തുക ഒഴിവാക്കി സമയം നീട്ടികൊടുത്തുകൊണ്ട് പദ്ധതി അട്ടിമറിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ച എന്ന നിലയിൽ മികച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. കമ്പനി ഉന്നയിക്കുന്ന സാങ്കേതിക പ്രശ്നങ്ങൾ അംഗീകരിച്ച് മുന്നോട്ട് പോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. നിലവിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി കാലോചിതമായി പൂർത്തീകരിക്കും. ഭൂമി ഏറ്റെടുത്ത പ്രദേശത്തെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് അതാത് ഘട്ടങ്ങളിൽ ചർച്ചകളിലൂടെ പരിഹാരം കാണുന്നതാണ്. തുറമുഖ വികസനത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് റെയിൽവേ അധികൃതരുമായി കരാർ ഒപ്പുവച്ചു. ഓരോ ഘട്ടങ്ങളിലേയും പദ്ധതി പൂർത്തീകരണം ക്രമാനുഗതമായി നടപ്പിലാക്കി വരികയാണ്. ജീവനോപാധി നഷ്ടപ്പെട്ട മുല്ലൂർ,

വിഴിഞ്ഞം പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരവും 2378 ഗുണഭോക്താക്കൾക്ക് നാളിതുവരെ 31.71 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളിൽ അനർഹരെ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. തുറമുഖം പൂർത്തീകരിക്കുന്ന കാര്യത്തിൽ യാതൊരു കൃത്യവിലോപവും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

(1) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് തൊഴിൽ സംരക്ഷണം

ശ്രീ. കെ. രാജൻ: സ്വകാര്യ മേഖലയിലെ നഴ്സുമാർ തൊഴിൽ രംഗത്ത് കടുത്ത ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുകയാണ്. മിനിമം വേജസ് കമ്മിറ്റി

നിശ്ചയിച്ച വേതനംപോലും ഇവർക്ക് ലഭ്യമാക്കാതെ മാനസികവും ശാരീരികവുമായി പീഡിപ്പിക്കുന്ന മാനേജ്മെന്റുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ജഗദീഷ് പ്രസാദ് കമ്മിറ്റി നിർദ്ദേശിക്കുന്ന ശമ്പളം ലഭ്യമാക്കാനും തൊഴിൽ സുരക്ഷയുടെയും ഷിഫ്റ്റ് സമ്പ്രദായത്തിന്റെയും കാര്യങ്ങളിൽ ഉചിതമായ തീരുമാനമെടുക്കാനും സർക്കാർ മുൻകയ്യെടുക്കണം. ചേർത്തല കെ.വി.എം. ആശുപത്രിയിലെ നഴ്സുമാർ നടത്തിക്കൊണ്ടിരിക്കുന്ന സമരം ഒത്തുതീർപ്പാക്കാനും ന്യായമായ ആവശ്യങ്ങൾ പരിഗണിക്കാനും നീതി ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിനായി സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയെ ചുമതലപ്പെടുത്തിയതനുസരിച്ച് തെളിവെടുപ്പുകളും ചർച്ചകളും നടത്തിയെങ്കിലും തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾ യോജിപ്പിലെത്താത്തതിനാൽ കരട് ശിപാർശയ്ക്ക് രൂപം നൽകാനായില്ല. 20-07-17-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ വേതനം 20,000 രൂപയായി നിശ്ചയിക്കാൻ തീരുമാനിക്കുകയും സുപ്രീം കോടതി ഉത്തരവിന്റെ

അടിസ്ഥാനത്തിൽ നിയോഗിച്ച ഉന്നതതല കമ്മിറ്റി സമർപ്പിച്ച ശിപാർശയിന്മേൽ സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. അതനുസരിച്ച് ലഭ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സംസ്ഥാന മിനിമം വേതന ഉപദേശക സമിതിയുടെ പരിഗണനയിലാണ്. ഈ വിഷയത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്വകാര്യ ആശുപത്രികൾ അടക്കമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും തൊഴിൽ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥാപന പരിശോധനകളും ജില്ലാതലത്തിൽ സ്ക്വാഡ് പരിശോധനകളും നടത്തി നിലവിലുള്ള മിനിമം വേതനം ജീവനക്കാർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും നിയമലംഘനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും ആയത് പരിഹരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷനും ക്ലെയിം പെറ്റീഷനുകളും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള വേതനം ജീവനക്കാർക്ക് യഥാസമയം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ വേതന സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനെതിരെ ഹൈക്കോടതിയെ സമീപിക്കുകയും ഇടക്കാല വിധി സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. നഴ്സുമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളിൽനിന്നും

വ്യത്യസ്തമായ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തൊഴിൽ വകുപ്പ് മുൻകയ്യെടുത്ത് ചേർത്തല കെ.വി.എം. ആശുപത്രി മാനേജ്മെന്റും തൊഴിലാളി പ്രതിനിധികളുമായി ചർച്ച നടത്തുകയും ചില കാര്യങ്ങളിൽ ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് അവിടെത്തന്നെ തൊഴിൽ നൽകണമെന്ന കാര്യത്തിൽ മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ യോജിപ്പിലെത്താൻ കഴിഞ്ഞിട്ടില്ല. പ്രാദേശിക തലത്തിൽ ഈ പ്രശ്നം വീണ്ടും ചർച്ച ചെയ്ത് പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ വിഷയം പരിഹരിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തിയിട്ടുണ്ട്.

(2) <u>കോന്നി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം</u>

<u>ശ്രീ. അടൂർ പ്രകാശ്</u>: കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി വരുന്ന അദ്ധ്യയന വർഷംതന്നെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. സൈറ്റിലുള്ള പാറ മാറ്റുന്നതിൽനിന്ന് കെ.എം.എം.എൽ.-നെ ഒഴിവാക്കുന്നതിനും ഇതിലൂടെ ലഭിക്കുന്ന പണം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി വിനിയോഗിക്കുന്നതിനും രണ്ടാംഘട്ട പണികൾ ആരംഭിക്കുന്നതിനും സർക്കാർ മുൻകയ്യെടുക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കോന്നി മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി 2012-ൽ 50 ഏക്കർ ഭൂമി വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും 300 കിടക്കകളുള്ള മെഡിക്കൽ കോളേജ് നിർമ്മിക്കുന്നതിന് ഉത്തരവാകുകയും 167.33 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. നബാർഡിന്റെ ധനസഹായത്തോടെ ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. മെഡിക്കൽ കോളേജ് ബ്ലോക്കിനായി ഗ്രൗണ്ട് ഫ്ലോറും രണ്ട് നിലകളോടുകൂടിയ 1,50,000 സ്ക്വ. ഫീറ്റ് കെട്ടിടവും നിർമ്മിച്ചുവരുന്നു. അവിടെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ചട്ടങ്ങൾ അനുസരിച്ചുള്ള ലക്ച്ചർ ഹാളുകളും അനുബന്ധ മുറികളും സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. മെഡിക്കൽ കോളേജിന്റെ രണ്ടാംഘട്ടമായി റസിഡൻഷ്യൽ ക്വാർട്ടേഴ്സും വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സംവിധാനങ്ങളും കളിസ്ഥലവും ഓഡിറ്റോറിയവും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ച പ്രകാരമുള്ള കെട്ടിടങ്ങളും പൂർത്തിയാക്കേണ്ടതുണ്ട്. നിർമ്മാണ പുരോഗതി സംബന്ധിച്ച് വിവിധ തലങ്ങളിൽ കൃത്യമായ വിലയിരുത്തലുകൾ നടത്തിവരികയാണ്. ആവശ്യമായി വന്നാൽ അധിക തുക കണ്ടെത്തി ആദ്യഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും രണ്ടാംഘട്ട നിർമ്മാണം

പൂർത്തീകരിക്കുകയും ചെയ്താൽ മാത്രമേ 50 സീറ്റുകളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് അനുമതി ലഭിക്കുകയുള്ളൂ. മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിനാവശ്യമായ 750 തസ്തികകളിൽ 108 എണ്ണം മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത്. ഒട്ടും അനുയോജ്യമല്ലാത്ത പാറ നിറഞ്ഞ സ്ഥലമാണ് മെഡിക്കൽ കോളേജിനായി തെരഞ്ഞെടുത്തിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച സാഹചര്യത്തിൽ അത് പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കളിസ്ഥലമടക്കമുള്ള മറ്റ് നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ സ്ഥലലഭ്യത പരിശോധിച്ചുമാത്രമേ മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളൂ. കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനവുമായി മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

## III സബ്മിഷൻ

### (1) <u>ശ്രീജിത്തിന്റെ മരണം</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. സി. ദിവാകരൻ എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): പിരപ്പൻകോട് രാജ്യാന്തര നീന്തൽ കുളത്തിൽ ജീവനക്കാരുടെ അനാസ്ഥമൂലം ശ്രീജിത് എന്ന യുവാവ് മരിച്ചത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും ഇത്തരം സംഭവങ്ങൾ

ആവർത്തിക്കാതിരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സി. ദിവാകരൻ: ശ്രീജിത്തിന്റെ ദുരൂഹമരണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും കുടുംബത്തിനാവശ്യമായ സഹായം ലഭ്യമാക്കുന്നതിനും സഹോദരന് സർക്കാർ ജോലി നൽകുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽ സമുച്ചയത്തിലെ സ്വിമ്മിംഗ് പൂളിൽ നീന്തൽ പരിശീലനത്തിനെത്തിയ മുക്കംപാലമൂട് സ്വദേശി ശ്രീജിത്ത് മരണപ്പെട്ട സംഭവത്തിൽ പ്രാഥമികാന്വേഷണത്തിൽ വീഴ്ചയുണ്ടായതായി ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് താല്ക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്. മുങ്ങിമരിച്ചതായാണ് പ്രാഥമിക നിഗമനമെങ്കിലും പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചതിനുശേഷമേ വിശദാംശങ്ങൾ വ്യക്തമാകൂ. ഭാവിയിൽ ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ കർശനമായ നിർദ്ദേശം നൽകുകയും ആവശ്യമായ പരിശോധനകൾ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. താല്ക്കാലിക ജീവനക്കാരുടെ കാര്യത്തിൽ മുമ്പുണ്ടായിരുന്ന നിയമനരീതി തന്നെയാണ്

ഇപ്പോഴും തുടരുന്നത്. ശ്രീജിത്തിന്റെ കുടുംബത്തിന് സാമ്പത്തികസഹായം ലഭ്യമാക്കാനും സഹോദരന് താൽക്കാലികമായ ജോലി നൽകാനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച അന്വേഷണത്തിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതാണ്.

(2) എഞ്ചിനീയർമാരുടെ വിദ്യാഭ്യാസയോഗ്യത

ശ്രീ. കെ. സുരേഷ് കുറുപ്പ്: കുവൈറ്റിലെ എഞ്ചിനീയർമാരുടെ യോഗ്യത പുനർനിശ്ചയിച്ചത് അവിടെ ജോലി ചെയ്യുന്ന മലയാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അടിയന്തര നയതന്ത്ര ഇടപെടൽ നടത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കുവൈറ്റിൽ ജോലി ചെയ്യുന്ന എഞ്ചിനീയർമാർ ഇന്ത്യയിലെ നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷൻ (എൻ.ബി.എ.) അംഗീകരിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയതു സംബന്ധിച്ച നിജസ്ഥിതി അറിയുന്നതിന് കുവൈറ്റ് എംബസിക്ക് കത്തയച്ചിട്ടുണ്ട്. ഇന്ത്യയിലെ

കലാലയങ്ങൾക്ക് എൻ.ബി.എ. നിബന്ധന പ്രാബല്യത്തിലായത് 2015 ജനുവരി മുതലായതിനാൽ അതിന് മുമ്പ് ബിരുദം നേടി കുവൈറ്റിൽ ജോലിയിൽ തുടരുന്ന എഞ്ചിനീയർമാർക്ക് ഈ വ്യവസ്ഥ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അവർക്ക് ഇളവുകൾ ലഭ്യമാക്കാനും മറ്റുള്ളവർക്ക് യോഗ്യതാപരീക്ഷ നടത്തി തൊഴിൽ സംരക്ഷണം ഉറപ്പാക്കാനും കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(3) <u>മോഡൽ റെസിഡൻഷ്യൽ സ്കൂൾ മാറ്റുന്നതു സംബന്ധിച്ച്</u>

<u>ശ്രീ. യു. ആർ. പ്രദീപ്</u>: ചേലക്കര മോഡൽ റെസിഡൻഷ്യൽ സ്കൂൾ തിരുവില്വാമല പഞ്ചായത്തിലെ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി(<u>ശ്രീ. എ. കെ. ബാലൻ</u>): തൃശ്ശൂർ ജില്ലയിലെ ചേലക്കരയിൽ പുതുതായി നിർമ്മിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ സിവിൽ, ഇലക്ട്രിക്കൽ പണികൾ പൂർത്തീകരിക്കുകയും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. മെസ് ഹാളിന്റെയും

അടുക്കളയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും കുഴൽ കിണർ നിർമ്മാണം, കുടിവെള്ള വിതരണം എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. 2018-19 അദ്ധ്യയനവർഷം തന്നെ ചേലക്കരയിൽ എം.ആർ.എസ്. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) തൊഴിലാളികൾക്ക് പട്ടയം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിലെ ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം ക്വാർട്ടേഴ്സിൽ താമസിക്കുന്ന തൊഴിലാളികൾക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കുന്നത്തുനാട് താലൂക്കിലെ ചേലാമറ്റം വില്ലേജിൽപ്പെട്ട ട്രാവൻകൂർ റയോൺസ് ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം ക്വാർട്ടേഴ്സിൽ താമസിച്ചുവരുന്ന തൊഴിലാളികൾക്കും മരിച്ചുപോയ തൊഴിലാളികളുടെ അവകാശികൾക്കും ക്വാർട്ടേഴ്സിന്റെ വാടകക്കുടിശ്ശികയും സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും വിലയും ഈടാക്കി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(5) വിലത്തകർച്ച

ശ്രീ. സി. കെ. ശശീന്ദ്രൻ: കാപ്പി, കുരുമുളക്, ഇഞ്ചി എന്നിവയുടെ വിലത്തകർച്ച പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങൾ നടത്തിവരുന്ന ജപ്തി-ലേല നടപടികളും സർഫാസി ആക്ടനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കലും അവസാനിപ്പിക്കുന്നതിനും നാണ്യവിളകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കാപ്പി, കുരുമുളക്, ഇഞ്ചി ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിടിവിന് പ്രധാനപ്പെട്ട കാരണം ഇറക്കുമതിയുമായി ബന്ധപ്പെട്ട കേന്ദ്ര ഗവൺമെന്റ് നയമാണ്. കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ പരിഹാര മാർഗ്ഗങ്ങളും സ്വീകരിച്ചുവരികയാണ്. കാലാവസ്ഥാ വ്യതിയാനം, ജലദൗർലഭ്യം, വരൾച്ച എന്നിവമൂലമുള്ള ഉൽപ്പാദനക്കുറവ് പരിഹരിക്കുന്നതിന് വയനാട് പാക്കേജിൽ ഉൾപ്പെടുത്തി പ്രധാനപ്പെട്ട കുരുമുളക് ഉൽപ്പാദന കേന്ദ്രങ്ങളായ പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 285 ലക്ഷം രൂപയുടെ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സുഗന്ധവിള പദ്ധതി പ്രകാരം കുരുമുളക്, ജാതി, ഗ്രാമ്പു എന്നിവയുടെ വിളവ്യാപനത്തിന് ഹെക്ടറിന് 20,000/- രൂപ വീതവും

ഗുണമേന്മയുള്ള കുരുമുളക് തൈകൾ വ്യാപകമായി ഉത്പ്പാദിപ്പിക്കുന്നതിനായി നഴ്സറികൾ സ്ഥാപിക്കുന്നതിന് ഹെക്ടറിന് 30,000/- രൂപയും ഇഞ്ചികൃഷിയുടെ വിസ്തൃതി വ്യാപനത്തിന് ഹെക്ടറിന് 12,500/- രൂപയും നൽകുന്നുണ്ട്. കേന്ദ്ര സഹായത്തോടെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമം നടത്തിവരികയാണ്. കുരുമുളകിന് കുറഞ്ഞ ഇറക്കുമതി വില നിശ്ചയിച്ചിട്ടും വിലയിടിവ് നേരിടുന്നത് പരിശോധിക്കേണ്ട കാര്യമാണെന്ന് കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. സർഫാസി ആക്ടിൽ കൃഷിഭൂമി ഒഴിവാക്കിയിട്ടുള്ളതിനാൽ ആക്ട് ദുരുപയോഗം ചെയ്ത് കർഷകരെ ദ്രോഹിക്കാൻ ഒരു ധനകാര്യ സ്ഥാപനത്തേയും അനുവദിക്കുന്നതല്ല. വയനാട് ജില്ലയിൽ 2014 വരെയുള്ള കാർഷിക ലോണുകൾക്കും മറ്റ് ജില്ലകളിൽ 2012 വരെയുള്ള ലോണുകൾക്കും ഇളവ് നൽകുന്നതും മൊറട്ടോറിയം പ്രഖ്യാപിക്കുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(6) <u>കുടുംബ കോടതി കെട്ടിടത്തിന് സ്ഥലം ലഭ്യമാക്കൽ</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: മലപ്പുറത്ത് കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്നതിനും കുടുംബകോടതിക്ക് സ്ഥലം അനുവദിക്കുന്നതിനും പുതിയതായി സിവിൽ കോടതി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മലപ്പുറം വില്ലേജിൽ കുടുംബ കോടതി നിർമ്മിക്കുന്നതിനായി നിർദ്ദിഷ്ട ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഉത്തരവായി. കോടതിയുടെ സുഗമമായ പ്രവർത്തനത്തിന് പ്രസ്തുത സ്ഥലം പര്യാപ്തമല്ലാത്തതിനാൽ കൂടുതൽ സ്ഥലം ലഭ്യമാക്കണമെന്ന് ജില്ലാ ജഡ്ജി ആവശ്യപ്പെട്ടതനുസരിച്ച് മലപ്പുറം വില്ലേജിൽ നിലവിൽ കളക്ടറേറ്റും മറ്റ് വിവിധ ഓഫീസുകളും പ്രവർത്തിച്ചുവരുന്ന 45 ഏക്കർ ഭൂമിയിൽ ഗതാഗത യോഗ്യമായ പി.ഡബ്ല്യൂ.ഡി റോഡ് സൗകര്യവും വാണിജ്യ പ്രാധാന്യമുള്ളതും കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായതുമായ 32 സെന്റ് പുറമ്പോക്ക് ഭൂമി കുടുംബകോടതി കെട്ടിടനിർമ്മാണത്തിന് കൈമാറാവുന്നതാണെന്ന് ജില്ലാ കളക്ടറും തുടർനടപടി സ്വീകരിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറും ശിപാർശ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ആഭ്യന്തര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. കോടതി സമുച്ചയം സ്ഥാപിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാറുടെ അംഗീകാരത്തോടെ പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചാൽ മാത്രമേ ഭരണാനുമതി നൽകുന്നതിന് ആഭ്യന്തര വകുപ്പ് നടപടി സ്വീകരിക്കുകയുള്ളൂ. മലപ്പുറം സിവിൽ സ്റ്റേഷനിൽ സ്ഥാപിക്കുന്ന കോടതി സമുച്ചയം സംബന്ധിച്ച

പ്രൊപ്പോസലുകളൊന്നും ഹൈക്കോടതി രജിസ്ട്രാറോ പൊതുമരാമത്ത് വകപ്പ് ചീഫ് എഞ്ചിനീയറോ സമർപ്പിച്ചിട്ടില്ലെന്ന് ആഭ്യന്തര വകുപ്പ് അറിയിച്ചിട്ടുണ്ട്.

(7) താലൂക്കാശുപത്രിയായി ഉയർത്തൽ

ശ്രീമതി ഗീതാ ഗോപി: ചേർപ്പ് സാമൂഹ്യാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളേയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനും സി.എച്ച്.സി. കളിൽ ആവശ്യമായ സൗകര്യങ്ങളേർപ്പെടുത്തി രോഗീ സൗഹൃദമാക്കിത്തീർക്കാനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. സി.എച്ച്.സി.-കളുടെ പദവി ഉയർത്തി താലൂക്കാശുപത്രികളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും പ്രദേശത്തിന്റെ പ്രത്യേകതയും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും രോഗികളുടെ ബാഹുല്യവും കണക്കിലെടുത്ത് ചേർപ്പ് സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ സേവനങ്ങൾ കൂടുതൽ രോഗീ സൗഹൃദമാക്കുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്.

(8) ബോഗികളിൽ ഇലക്ട്രോണിക് ഡിസ്പ്ലേ

ശ്രീമതി യു. പ്രതിഭ ഹരി: ട്രെയിനുകളിലെ ബോഗികളിൽ ഇലക്ട്രോണിക് ഡിസ്പ്ലേ സ്ഥാപിക്കുന്നതിനും വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിനും

ലേഡീസ് കംപാർട്ട്മെന്റ് മധ്യഭാഗത്തേയ്ക്ക് മാറ്റുന്നതിനും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെയും പോലീസിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ട്രെയിനുകളുടെ ബോഗികളിൽ ഇലക്ട്രോണിക് ഡിസ്പ്ലേ സ്ഥാപിക്കണമെന്നും ലേഡീസ് കംപാർട്ട്മെന്റ് മധ്യഭാഗത്തേയ്ക്ക് മാറ്റണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്. സ്ലീപ്പർ, എ.സി. കോച്ചുകളിലെ ബർത്തുകളിൽ സ്ത്രീകൾക്കുള്ള സംവരണം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനിൽ വനിതകൾക്കായി ഫെസിലിറ്റേഷൻ സംവിധാനവും ഹെൽപ്പ്ലൈനും ആരംഭിച്ചിട്ടുണ്ട്. പാസഞ്ചർ ട്രെയിനിലെ ലേഡീസ് കംപാർട്ട്മെന്റിൽ വനിതാ പോലീസിനെ നിയോഗിക്കുകയും ഗർഭിണികൾക്ക് ലോവർ ബർത്ത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യത അനുസരിച്ച് മുതിർന്ന പൗരന്മാർക്ക് ലോവർ ബർത്ത് അനുവദിക്കുന്നതാണ്. വയോധികർക്കും മുതിർന്ന പൗരന്മാർക്കും 58 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കും ഫെയർ കൺസെഷൻ അനുവദിച്ചിട്ടുണ്ട്.

(9) സ്കൂൾ കെട്ടിട നിർമ്മാണം

ശ്രീ. വി. ടി. ബൽറാം: തൃത്താല വി.കെ. കടവ് ജി.എം.എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അനുമതി നൽകണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): തൃത്താല വി.കെ. കടവ് ജി.എം.എൽ.പി. സ്കൂൾ മാറ്റി സ്ഥാപിക്കുന്നതിനായി വാങ്ങിയ 20 സെന്റ് സ്ഥലം വെറ്റ് ലാന്റായതിനാലും അടിസ്ഥാന സൗകര്യമില്ലാത്തതിനാലും വിദ്യാഭ്യാസ ചട്ടം അനുസരിച്ചും സ്കൂൾ നിർമ്മിക്കാൻ യോഗ്യമല്ല. സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം നികത്തുന്നതിന് അനുവാദം നൽകിയാൽ പരിസര പ്രദേശത്തുള്ള ഇരിപ്പുനിലങ്ങൾകൂടി നികത്തപ്പെടാനിടയാകും. സ്കൂൾ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന് അടിസ്ഥാന സൗകര്യമുള്ളതുകൊണ്ട് മാറ്റിസ്ഥാപിക്കേണ്ടതില്ലെന്ന പഞ്ചായത്ത് ഭരണസമിതിയുടെ നിലപാട് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് സ്കൂൾ പി.ടി.എ. പ്രസിഡന്റ് ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 236(5) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലിനെയും 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലിനെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ടും 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ടും സമർപ്പിച്ചു.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനേഴ് മുതൽ ഇരുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകളും പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അറുപത്തിനാല് മുതൽ അറുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകളും അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടും സമർപ്പിച്ചു.

## VI ക്രമപ്രശ്നം

<u>വകുപ്പുകൾ വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ</u>

<u>സമർപ്പിക്കാത്തതു സംബന്ധിച്ച്</u>

<u>ശ്രീ. എം. ഉമ്മർ</u>: ധനാഭ്യർത്ഥനകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട വകുപ്പുകൾ യഥാസമയം ലഭ്യമാക്കാത്തതിനാൽ വർഷങ്ങളോളം പെന്റിംഗ് ആകുകയും സമിതിയുടെ കാര്യക്ഷമതയെ ബാധിക്കുകയും

ഇത് ഒഴിവാക്കുന്നതിനായി എല്ലാ വകുപ്പുകളും ആന്വൽ പെർഫോമൻസ് റിപ്പോർട്ട് സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് സഭാനടപടി ചട്ടം 236(6) അനുസരിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അത് പാലിക്കപ്പെടാത്തതുമൂലം സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കുന്നതിന് മെമ്പർമാർക്കുള്ള അവകാശം നിഷേധിക്കപ്പെടുക മാത്രമല്ല നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റി നിർവ്വഹിക്കുന്നതിൽ എക്സിക്യൂട്ടീവിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന പരാജയവുമാണ്. ഭരണഘടനാപരമായ ചട്ടങ്ങളുടെ ലംഘനങ്ങൾ ഒഴിവാക്കുന്നതിന് പീനൽ പ്രൊവിഷനുകൾ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടങ്ങൾ ഭേദഗതി ചെയ്യണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ധനപരമായ കാര്യങ്ങളുടെ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി ഭരണഘടനയുടെ ആർട്ടിക്കിൾ 209 അനുസരിച്ച് 236(5), 236(6) എന്നീ വകുപ്പുകൾ നിയമസഭാ ചട്ടങ്ങളിൽ ചേർത്തിട്ടുള്ളതും നിബന്ധന പാലിക്കുന്നതിൽ സമയക്ലിപ്തത പാലിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയിട്ടുള്ളതും എല്ലാ വകുപ്പുകൾക്കും പാർലമെന്ററികാര്യ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതുമാണെങ്കിലും വീഴ്ച ആവർത്തിക്കുന്നതായി കാണുന്നുണ്ട്. സമയക്ലിപ്തത പാലിക്കപ്പെടുന്നില്ല എന്ന ബഹുമാനപ്പെട്ട മെമ്പറുടെ പരാമർശം

ഗൗരവമായി ഉൾക്കൊള്ളുകയാണ്. ആഡിറ്റിംഗിന് ശേഷം മാത്രമേ ചില വകുപ്പുകൾക്ക് അന്തിമ കണക്കുകൾ തയ്യാറാക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ കൃത്യ സമയത്ത് റിപ്പോർട്ട് നൽകാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിലും വകുപ്പുതലവന്മാർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. വകുപ്പ് അദ്ധ്യക്ഷന്മാർ ശക്തമായ നിലപാട് സ്വീകരിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും.

**റൂളിംഗ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ഓരോ വർഷത്തെയും ബഡ്ജറ്റ് വിഭജനത്തിലെ ചെലവുകൾ സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പുകൾ കാലപരിധിക്കുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നില്ലെന്നതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ക്രമപ്രശ്നം ഉന്നയിച്ചത്.

സാമ്പത്തിക വർഷം പൂർത്തീകരിച്ചുകഴിഞ്ഞാൽ നാല് മാസങ്ങൾക്കുള്ളിൽ വാർഷിക പ്രവർത്തന റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണെന്ന് നിയമസഭാ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള നടപടികൾ കാര്യക്ഷമമായി നടക്കുന്നില്ലെന്നാണ് മനസ്സിലാകുന്നത്. ഭാവിയിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതാണെന്ന് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും

വകുപ്പുമന്ത്രി ഉറപ്പുനൽകിയിരുന്നതാണ്. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തതിനുള്ള കാരണം ബന്ധപ്പെട്ട മന്ത്രി സഭയെ അറിയിക്കണമെന്ന വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്ന ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടഭേദഗതികൾ അന്തിമഘട്ടത്തിലാണ്. ഇവിടെ ഉന്നയിക്കപ്പെട്ട പ്രകാരമുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ പാർലമെന്ററികാര്യ വകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തരമായി സ്വീകരിക്കണമെന്നും ഇതുസംബന്ധിച്ച് വിശദവും വ്യക്തവുമായ ഒരു റിപ്പോർട്ട് പാർലമെന്ററികാര്യ വകുപ്പ് ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

**ധനകാര്യം**

2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം - 20889,26,00,000 രൂപ

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം - 833,42,62,000 രൂപ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയെയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥനയെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് പ്രാമുഖ്യം നൽകുന്നതിന്റെ ഭാഗമായി പ്രാഥമിക തലം മുതൽ പി.എച്ച്.ഡി. വരെ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനും ക്ലാസ് മുറികൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും അടുത്ത അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ മുൻകൂട്ടി അച്ചടിച്ച് വിതരണം ചെയ്യുന്നതിനും ഉന്നതവിദ്യാഭ്യാസ രംഗത്ത് വ്യക്തമായ നിലപാടെടുക്കുന്നതിനും മികച്ച ഇടപെടലിലൂടെ സർക്കാർ-എയ്ഡഡ് സ്കൂളുകളിലേയ്ക്കുള്ള അഡ്മിഷൻ വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യത്തെക്കുറിച്ച് പരിശോധന നടത്തുന്നതിന് കമ്മിറ്റിയെ നിയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കായിക താരങ്ങളായ സി. കെ. വിനീതിനും പി. യു. ചിത്രയ്ക്കും സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനും തലശ്ശേരിയിലെ സ്റ്റേഡിയത്തിന് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ നാമകരണം നൽകി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും എല്ലാ പഞ്ചായത്തുകളിലും മൈതാനങ്ങൾ ആരംഭിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് തീരദേശങ്ങളിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നതിനും സമഗ്ര പാക്കേജ് ആവിഷ്കരിക്കുന്നതിനും സി.ആർ.ഇസഡ്. മേഖലയിൽ ശക്തമായ ഇടപെടൽ നടത്തുന്നതിനും തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന തീരദേശ ഹരിത പാത പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഓഖി ദുരിതബാധിതർക്ക് സഹായമെത്തിക്കുന്നതിൽ സർക്കാർ നടത്തിയ ഇടപെടൽ അഭിനന്ദനാർഹമാണ്. സംസ്ഥാന ചലച്ചിത്ര മേളയെ ജനകീയമാക്കുന്നതിനും യുവകലാകാരൻമാർക്ക് സ്കോളർഷിപ്പ് നൽകുന്നതിനും ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളുമായി മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വ ദിനം ആചരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഹൈബി ഈഡൻ: ധനഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് മത്സ്യോൽപ്പാദനത്തിലുണ്ടായ കുറവ് ഈ മേഖലയെ നഷ്ടത്തിലും ദുരിതത്തിലുമാക്കിയിരിക്കുകയാണ്. മത്സ്യബന്ധന യാനങ്ങളുടെ വായ്പാ തിരിച്ചടവ് ഉൾപ്പെടെയുള്ള ചെലവുകൾക്ക് സഹായം നൽകുന്നതിനും മത്സ്യ ലഭ്യതയിലെ കുറവ് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിനും തയ്യാറാകണം. കടലിൽനിന്ന് ചെറുമത്സ്യങ്ങളെ പിടിക്കുന്നതിൽ നിയന്ത്രണമേർപ്പെടുത്തുന്നതിന് വിവിധ സംസ്ഥാനങ്ങളുമായി സംയുക്ത യോഗം ചേരുന്നതിനും മറൈൻ എൻഫോഴ്സ്മെന്റ് വിംഗിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതിനും നടപടി സ്വീകരിക്കണം. കൊച്ചി, എറണാകുളം മണ്ഡലങ്ങളിലെ തീരദേശ മത്സ്യത്തൊഴിലാളികളുടെ സംരക്ഷണാർത്ഥം കരിങ്കല്ല് ഉപയോഗിച്ച് പുലിമുട്ട് നിർമ്മിക്കാനും കെ.എം.എഫ്.ആർ. ആക്ടിൽ മത്സ്യത്തൊഴിലാളികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം.

കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ പുനഃസ്ഥാപിക്കാനും തീരദേശ ഗ്രീൻ കോറിഡോർ നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്താനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളുടെ റീഹാബിലിറ്റേഷൻ പ്ലാൻ തയ്യാറാക്കാനും വനാവകാശ നിയമം പോലെ കടൽ അവകാശ നിയമം പ്രഖ്യാപിക്കാനും സർക്കാർ തയ്യാറാകണം.

ശ്രീ. വി. ആർ. സുനിൽ കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനും ലോകഭാഷ പഠിക്കുന്നതോടൊപ്പം വ്യക്തിത്വ രൂപീകരണത്തിനുതകുന്ന രീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായം നടപ്പാക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആയിരം വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിയതും പതിനൊന്നായിരം ക്ലാസ് മുറികൾ ഹൈടെക് ആക്കാൻ തീരുമാനിച്ചതും വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങളാണ്. ഹെഡ്മാസ്റ്റർമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനും ശിശു മനഃശാസ്ത്രത്തിൽ ബിരുദമെടുത്തവരെ ഭാഷാ പഠനത്തിന് നിയോഗിക്കുന്നതിനും നടപടിയുണ്ടാകണം. വിദ്യാഭ്യാസ രംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന മത്സ്യമേഖലയിൽ സർക്കാർ നടത്തിയ ഇടപെടൽ ശ്ലാഘനീയമാണ്. കേരള സംസ്ഥാന ഗ്രന്ഥശാല കൗൺസിൽ പ്രാവർത്തികമാക്കാനും വൈലോപ്പിള്ളിക്കും കുമാരനാശാനും സ്മാരകം നിർമ്മിക്കാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തീരദേശ വികസനത്തിനായി രണ്ടായിരം കോടി രൂപ മാറ്റിവച്ചതും മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് വിവിധ പദ്ധതികൾ നടപ്പാക്കുന്നതും സ്വാഗതാർഹമാണ്. ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിൽ കൊഴിഞ്ഞുപോക്കില്ലാതെ 90 ശതമാനം കുട്ടികളും വിദ്യാഭ്യാസം പൂർത്തിയാക്കുന്നുവെന്നത് കേരളത്തിനുമാത്രമുള്ള ബഹുമതിയാണ്. വിദ്യാഭ്യാസ മേഖലയിൽ നിക്ഷേപം നടത്തി പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താനും സമ്പൂർണ്ണ സാക്ഷരതയ്ക്കുംവേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതിനും ക്ലാസ് റൂമുകൾ ഹൈടെക്കാക്കുന്നതിന്റെ ഭാഗമായി എ.ഇ. ഓഫീസിൽ ടെക്നീഷ്യനെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗം മുരടിപ്പിന്റെ പാതയിലാണ്. വിവിധ വിദ്യാഭ്യാസ മേഖലകൾക്കായി അനുവദിച്ച തുക ഫലപ്രദമായി വിനിയോഗിക്കുന്നതിലും കേന്ദ്ര സർക്കാരിൽനിന്ന് എസ്.എസ്.എ. വിഹിതം നേടിയെടുക്കുന്നതിലും ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. നിരവധി സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കായി

ബഡ്ജറ്റിൽ തുക പ്രഖ്യാപിച്ചെങ്കിലും ഒന്നിനും എ.എസ്. നൽകാൻ ഇതുവരെ സാധിച്ചിട്ടില്ല. എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരെ K-TET-ൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടിയുണ്ടാകണം. എം.ആർ. സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത അവസ്ഥയ്ക്ക് പരിഹാരം കാണണം. എസ്.സി.ഇ.ആർ.ടി.-യിലെ താൽക്കാലിക ജീവനക്കാരെ യാതൊരു മാനദണ്ഡവുമില്ലാതെ സ്ഥിരപ്പെടുത്തുന്ന നടപടി പരിശോധിക്കണം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച കോളേജുകളിൽ കോഴ്സുകൾ അനുവദിക്കാത്ത നടപടിയും അപലപനീയമാണ്. അസാപ് ഇന്ന് തകർച്ചയുടെ പാതയിലാണ്.

<u>ശ്രീ. സി. കെ. നാണു</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ ജനകീയ മുന്നേറ്റം വളർത്തിയെടുക്കുന്നതിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചത്. വടകര റോട്ടറി ക്ലബിന്റെ നേതൃത്വത്തിൽ ബധിര-മൂക വിദ്യാർത്ഥികൾക്കായി ആരംഭിച്ച സ്കൂളിന് അംഗീകാരം നൽകിയ നടപടി അഭിനന്ദനാർഹമാണ്. കളരിപ്പയറ്റ് മത്സരത്തിൽ വിജയിക്കുന്ന കുട്ടികളുടെ മെറിറ്റ് കോളേജ് അഡ്മിഷന് ബാധകമാക്കുന്നതിനും മികച്ച കളരി ഗുരുക്കൻമാരെ യു.പി. സ്കൂളുകളിൽ ഫിസിക്കൽ എഡ്യുക്കേഷൻ അദ്ധ്യാപകരായി നിയമിക്കുന്നതിനും

നടപടി സ്വീകരിക്കണം. വടകര മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിലെ സ്കൂളുകൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനും തീരദേശ റോഡുകൾ മെയിന്റനൻസ് നടത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനും മുൻകയ്യെടുത്ത വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. കേരളത്തിൽ മികച്ച വോളിബോൾ താരങ്ങളെ വാർത്തെടുക്കാൻ സർക്കാർ മുൻകയ്യെടുക്കണം.

പ്രൊഫ. കെ. യു. അരുണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് കലയ്ക്കും സ്പോർട്സിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കണം. പഞ്ചായത്തുതലത്തിൽ 200 മീറ്റർ ട്രാക്ക് സ്റ്റേഡിയം നിർമ്മിക്കുന്നതിനും വോളിബോൾ, ഫുട്ബോൾ എന്നിവ ശാക്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. നൂതന ആശയാവിഷ്കരണത്തോടെയുള്ള സർക്കാരിന്റെ വിദ്യാഭ്യാസ പദ്ധതി സ്വാഗതാർഹമാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്ര മാറ്റത്തിന് വഴിയൊരുക്കുന്ന വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ നവീകരണ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. 2017-18 അധ്യയന വർഷത്തിൽ

സംസ്ഥാനത്തൊട്ടാകെ 12198 കുട്ടികൾ അധികമായി പൊതുവിദ്യാലയത്തിലെത്തിച്ചേർന്നത് ശ്രദ്ധേയമാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 500 കുട്ടികളിൽ കൂടുതലുള്ള എല്ലാ സ്കൂളുകളിലെയും പശ്ചാത്തല വികസനത്തിനാവശ്യമായ തുക ചെലവഴിക്കാനുള്ള തീരുമാനം ശ്ലാഘനീയമാണ്. എയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം നൽകണം. എയ്ഡഡ് മേഖലയിൽ മാനേജ്മെന്റുകൾക്ക് കെട്ടിടനിർമ്മാണം നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ വകുപ്പുതലത്തിൽ ഒരു ഇൻസ്പെക്ഷൻ വിംഗിനെ നിയോഗിച്ച് സ്ഥിതിഗതികൾ പഠനവിധേയമാക്കിയശേഷം എം.എൽ.എ. ഫണ്ടോ ആസ്തിവികസന ഫണ്ടോ നൽകുന്നതിനെക്കുറിച്ച് ആലോചിക്കണം. ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ ജോലിഭാരം കുറയ്ക്കുകയും ക്ലാർക്കിന്റെയും പ്യൂണിന്റെയും തസ്തികകൾ സൃഷ്ടിക്കുകയും അദ്ധ്യാപക നിയമനം സംബന്ധിച്ച വിഷയത്തിൽ പരിഹാരം കണ്ടെത്തുകയും വേണം. അദ്ധ്യാപകരുടെ പെൻഷൻ കണക്കാക്കുമ്പോൾ ബ്രോക്കൺ സർവ്വീസ് പരിഗണിക്കേണ്ടതില്ലെന്ന ഉത്തരവ് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കണം. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർത്തലാക്കാൻ ഉത്തരവായത് സംബന്ധിച്ച് പരിഗണിക്കുമെന്ന് പറഞ്ഞത്

സ്വാഗതാർഹമാണ്. ഇടുക്കിയിലെ വോളിബോൾ അക്കാഡമിയുടെ പണി പൂർത്തീകരിക്കുന്നതിനും പാറത്തോട് 'ബീനമോൾ' സ്റ്റേഡിയം നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പുരുഷൻ കടലുണ്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ-ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. ചലച്ചിത്രോത്സവത്തിന് സ്ഥിരം വേദി ഏർപ്പെടുത്താനുള്ള പ്രഖ്യാപനം അഭിനന്ദനാർഹമാണ്. ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ താമസ സൗകര്യം ഏർപ്പെടുത്താനും പുരാവസ്തു വകുപ്പുമായി ചേർന്ന് സാംസ്കാരിക പൈതൃകോത്സവം നടത്താനും എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം പണിയാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. സംഗീത നാടക അക്കാഡമിയോട് ചേർന്ന് സാംസ്കാരിക വീഥി നിർമ്മിക്കുന്നതിനും സ്കൂളുകളിൽ ശിൽപ്പങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങളിൽ കുട്ടികളെക്കൂടി പങ്കെടുപ്പിക്കുന്നതിനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. പാരമ്പര്യ കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'ഭാരതോത്സവം' പരിപാടി സംഘടിപ്പിച്ചതും വിദേശ മലയാളികൾക്ക് ഭാഷാ പഠനത്തിന് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തിയതും അവാർഡ് തുകയും കലാകാര പെൻഷനും വർദ്ധിപ്പിച്ചതും യുവകലാകാരൻമാർക്കുള്ള പ്രതിമാസ ഫെല്ലോഷിപ്പ്

10,000 രൂപയാക്കിയതും ക്ഷേമനിധി ബോർഡിന് സ്വന്തമായി ആസ്ഥാന മന്ദിരം നിർമ്മിക്കാൻ തീരുമാനിച്ചതും ശ്രദ്ധേയമാണ്. കിഫ്ബി വഴി ഗ്രാമങ്ങളിൽ 100 തിയേറ്ററുകൾ സ്ഥാപിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. വിദ്യാഭ്യാസ രംഗത്ത് അക്കാദമിക് തലത്തിലും ഭൗതിക രംഗത്തും മുൻസർക്കാരിൽനിന്നും വ്യത്യസ്തമായ വികസനമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ശാസ്ത്രീയ രീതിയിൽ വിദ്യാഭ്യാസത്തെ മാറ്റുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിലെ അഞ്ച് സ്കൂളുകൾ തെരഞ്ഞെടുക്കുകയും ക്ലാസ് മുറികൾ ഹൈടെക് ആക്കാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ബാലുശ്ശേരി ഡോ. അംബേദ്കർ ആർട്സ് ആന്റ് സയൻസ് കോളേജ് പൂർത്തീകരിക്കാനാവശ്യമായ ഫണ്ട് അനുവദിക്കണം. കായികതാരങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും പി.എസ്.സി. മുഖേന ജോലിയും നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നടുവണ്ണൂർ വോളിബോൾ അക്കാദമിയും എൻ.എൻ. കക്കാടിന്റെ പേരിൽ സ്മാരകവും പണിയുന്നതിനുള്ള തീരുമാനം അഭിനന്ദനാർഹമാണ്.

ശ്രീ. പി. സി. ജോർജ്: ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പ് നേടിയവർക്ക് 25,000 രൂപവീതം പാരിതോഷികം നൽകുന്നതിനും വോളിബോൾ താരമായ സി. കെ. രതീഷിന്

സർക്കാർ ജോലി നൽകുന്നതിനും കായികരംഗത്ത് നാഷണൽ ലെവലിൽ സമ്മാനം നേടിയവർക്ക് ജോലി നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ആർ. രാജേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ അഭിമാന കായികതാരമായ ശ്രീ. സി. കെ. വിനീതിന് ജോലി നൽകിയ സർക്കാരിനെ അഭിനന്ദിക്കുന്നു. ഓപ്പറേഷൻ ഒളിമ്പ്യ 2028-ലേയ്ക്ക് മാറ്റുകയും സാധ്യതയ്ക്കനുസരിച്ച് കായിക താരങ്ങളെ വളർത്തിക്കൊണ്ട് വരാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. സംസ്ഥാനത്തിന് പുറത്ത് മൽസരങ്ങളിൽ പങ്കെടുക്കാൻ പോകുന്ന കായിക താരങ്ങൾക്ക് മെച്ചപ്പെട്ട യാത്രാ സൗകര്യമേർപ്പെടുത്താനും സ്പോർട്സ് സ്കൂളുകളെ സ്പോർട്സ് അക്കാഡമിയായി ശക്തിപ്പെടുത്താനും മുൻകയ്യെടുക്കണം. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യവും ഉയർന്ന യോഗ്യതയും നേടിയ അദ്ധ്യാപകരെ ഭാഷാ അദ്ധ്യാപകരായി നിയമിക്കാനും ഹയർ സെക്കണ്ടറി മേഖലയിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനും നടപടിയുണ്ടാകണം. അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. തീരദേശ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ബഡ്ജറ്റാണ് സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. കെ. ജെ. മാക്സി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ച് ശ്രദ്ധേയമായ രീതിയിലുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കടലിൽ മരിച്ചവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപയും കാണാതായവരുടെ ആശ്രിതർക്ക് പ്രതിമാസം 10,000 രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് 5 ലക്ഷം രൂപ വരെയും സഹായധനമായി നൽകുന്നതിന് സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിനോട് 7,340.45 കോടി രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടെങ്കിലും 169 കോടി രൂപ മാത്രമാണ് ലഭിച്ചത്. എന്നാൽ സംസ്ഥാന ബഡ്ജറ്റിൽ തീരദേശ മേഖലയ്ക്കായി 2,000 കോടി രൂപ നീക്കിവയ്ക്കാൻ സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സാധിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയം കണ്ടുതുടങ്ങിയിട്ടുണ്ട്. എം.എൽ.എ.-മാർ നിർദ്ദേശിച്ച വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വിദ്യാലയങ്ങൾക്കായി അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും 217 വിദ്യാലയങ്ങളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ തുകയും ക്ലാസ് മുറികളുടെ ഡിജിറ്റലൈസേഷനായി 700 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള രണ്ട് ലക്ഷത്തിലധികം പാഠപുസ്തകങ്ങൾ അച്ചടിച്ച്

വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്.

ശ്രീ. വി. ടി. ബൽറാം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുവിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഇപ്പോഴത്തെ അവസ്ഥ നിഷ്പക്ഷമായി വിലയിരുത്തേണ്ടതുണ്ട്. അന്തർദേശീയതലത്തിൽ ഗുണനിലവാര പരിശോധനയ്ക്കായി നിലനിൽക്കുന്ന പ്രോഗ്രാം ഫോർ ഇന്റർനാഷണൽ സ്കൂൾ അസസ്മെന്റ് എന്ന രീതി ഇവിടെയും പ്രാവർത്തികമാക്കണം. വിദേശപഠനത്തിന്റെ പേരിൽ തട്ടിപ്പുനടത്തുന്ന വിദ്യാഭ്യാസ കൺസൾട്ടൻസികളെ നിലയ്ക്കുനിർത്താൻ ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണം. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് സംസ്ഥാനത്തും പ്രാവർത്തികമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും വേണം. ഉന്നത വിദ്യാഭ്യാസമേഖലയിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതിന് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന് സാധിക്കണം. ക്രെഡിറ്റ് ട്രാൻസ്ഫർ എന്ന ആശയം പ്രാവർത്തികമാക്കുന്നതിനും വ്യത്യസ്ത സ്കീമുകളെ സമന്വയിപ്പിക്കുന്നതിനും സാധിക്കണം. ഭിന്നശേഷിയുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുകയും അവർക്ക് മറ്റ് കുട്ടികളോടൊപ്പം ഇടപഴകത്തക്ക രീതിയിലുള്ള

ഇൻക്ലൂസീവ് എഡ്യൂക്കേഷനെക്കുറിച്ച് ആലോചിക്കുകയും വേണം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളെ കുത്തഴിഞ്ഞ അവസ്ഥയിൽ നിന്നും കരകയറ്റുന്നതിന് നടപടി സ്വീകരിക്കണം. നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് ഈ അദ്ധ്യയന വർഷം മുതൽ നടപ്പാക്കുകയും അക്കാര്യത്തിൽ നിലനിൽക്കുന്ന അവ്യക്തത ഒഴിവാക്കുകയും വേണം. വി.എച്ച്.എസ്.സി. പരീക്ഷകളുടെ ചോദ്യങ്ങൾ ചോരുന്നുവെന്ന ആക്ഷേപം അന്വേഷിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ പേന വച്ച് തിരുത്തിയ നടപടി ആവർത്തിക്കാതിരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കായിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകൾ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്കരിക്കണം. സമഗ്ര വിദ്യാഭ്യാസ നയം നടപ്പിലാക്കുമ്പോൾ അതിൽ എല്ലാവരുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തണം. അദ്ധ്യാപകരുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതോടൊപ്പം അവർ അലസരാകാതിരിക്കാനുള്ള കരുതലുമുണ്ടാകണം. ഭാവിതലമുറയുടെ പുരോഗതിക്ക് ഉന്നതവിദ്യാഭ്യാസ രംഗത്ത് ശക്തമായ ഇടപെടലുണ്ടാവുകയും നിസ്വാർത്ഥമായും സാംസ്കാരികപരമായും ഉന്നതിയിലെത്താൻ കഴിയുന്ന രീതിയിൽ പരീക്ഷാസമ്പ്രദായം ഉടച്ചുവാർക്കുകയും ചെയ്യണം.

മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ എഴുപതാം വാർഷികം ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ ആചരിക്കാനുള്ള സാംസ്കാരിക വകുപ്പിന്റെ തീരുമാനം അഭിനന്ദനാർഹമാണ്. ഗാന്ധിപഠനത്തിനുള്ള ഒരു കേന്ദ്രം കൊല്ലത്ത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. കോട്ടക്കൽ സ്പോർട്സ് അക്കാദമി യാഥാർത്ഥ്യമാക്കുന്നതിനും ചടയമംഗലത്തെ കടയ്ക്കൽ സ്കൂളിൽ നീന്തൽക്കുളം നിർമ്മിക്കുന്നതിനും നടപടിയുണ്ടാകണം.

ഡോ. എം. കെ. മുനീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മത്സ്യബന്ധന മേഖലയിൽ ഡീസൽ സെസ് ഒഴിവാക്കുന്നതിനും സബ്സിഡി നൽകുന്നതിനും തയ്യാറാകണം. കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താനുള്ള ശ്രമമുണ്ടാകണം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള മീഞ്ചന്ത ഗവൺമെന്റ് വി.എച്ച്.എസ്.എസ്.ന്റെ മാസ്റ്റർ പ്ലാൻ അംഗീകരിക്കുകയും സർവ്വകലാശാലകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. ഉന്നത വിദ്യാഭ്യാസ മേഖലയുടെ തകർച്ച സംബന്ധിച്ച് പരിശോധന നടത്തുകയും ആധുനിക കാലഘട്ടത്തിനനുസരിച്ച് കോഴ്സുകൾ പരിഷ്കരിക്കുകയും ചെയ്യണം. അടച്ചു പൂട്ടാൻ തീരുമാനിച്ചിട്ടുള്ള അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഭൗതിക

സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സാവകാശം നൽകണം. സ്പെഷ്യൽ സ്കൂളുകളെയും ബഡ്സ് സ്കൂളുകളെയും എയ്ഡഡ് സ്കൂളുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

## VII അറിയിപ്പ്

ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: ധനാഭ്യർത്ഥനകളിന്മേലുള്ള വോട്ടെടുപ്പ് ഉച്ചയ്ക്ക് 1.30-ന് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ചട്ടം 143 (2)-ലെ വ്യവസ്ഥ സഭയുടെ അനുമതിയോടെ വേവ് ചെയ്തുകൊണ്ട് ചർച്ച തുടരുകയാണ്.

**ധനകാര്യം (തുടർച്ച)**

ശ്രീ. എം. സ്വരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് പുതുജീവൻ പകർന്നുകൊടുക്കാൻ കഴിയുന്ന സമീപനങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. മലാപ്പറമ്പ് സ്കൂൾ ഉൾപ്പെടെ അടച്ചുപൂട്ടാൻ തീരുമാനിച്ച നാല് സ്കൂളുകൾ ഏറ്റെടുക്കാൻ സാധിച്ചു. അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ പാഠ പുസ്തകങ്ങൾ വിതരണം ചെയ്യാനും സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകാനും കലോത്സവ നടത്തിപ്പിന് കുട്ടികളിൽനിന്ന് ഫണ്ട് പിരിച്ചെടുക്കുന്ന നടപടി അവസാനിപ്പിക്കാനും 125

സ്കൂളുകളിലെ 1250 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റാനും കഴിഞ്ഞത് സ്വാഗതാർഹമാണ്. 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയും 229 സർക്കാർ വിദ്യാലയങ്ങളുടെ നവീകരണത്തിനായി 3 കോടി രൂപ വീതം ധനസഹായം നൽകാൻ കഴിഞ്ഞതും അഭിനന്ദനാർഹമാണ്. സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗമായ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്ക് പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ചുനൽകാൻ തീരുമാനിച്ചത് ഗവൺമെന്റിന് ഈ മേഖലയോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നു. അപകട ഇൻഷ്വറൻസ് ആനുകൂല്യം 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതും മത്സ്യത്തൊഴിലാളികളായ മാതാപിതാക്കൾ മരണപ്പെട്ടുപോയ കുട്ടികളെ ഏറ്റെടുക്കാനും വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം ചെയ്യാനും തീരുമാനിച്ചത് ശ്ലാഘനീയമാണ്. തീരദേശ പരിപാലന നിയമത്തിൽ തീരദേശവാസികൾക്ക് അർഹമായ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ഈ വിവരങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സർവ്വകക്ഷി സംഘത്തെ അയയ്ക്കുകയും ചെയ്യണം.

<u>ശ്രീ. കെ. മുരളീധരൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുന്ന തീരുമാനത്തിലൂടെ എയ്ഡഡ് സ്കൂളുകൾക്ക്

കൂടുതൽ പ്രാധാന്യം ലഭിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പരിപാടിയിൽ എയ്ഡഡ് സ്കൂളുകളെ ഉൾപ്പെടുത്തുന്നത് വിദ്യാഭ്യാസ ചട്ടങ്ങൾക്ക് എതിരാണ്. ഇതുമൂലം എയ്ഡഡ് സ്കൂളുകൾക്ക് എം.എൽ.എ. ഫണ്ടും സർക്കാർ ഫണ്ടും ലഭ്യമാക്കേണ്ട സാഹചര്യമുണ്ടാകും. ഈ മേഖലയിലെ അധ്യാപക നിയമനം പി.എസ്.സി.ക്ക് വിടണം. പൊതുവിദ്യാലയങ്ങൾ സർക്കാർ തലത്തിൽ മാത്രമായി നിലനിർത്തിയാൽ സർക്കാർ വിദ്യാലയങ്ങളിലെ പരിമിതികൾ പരിഹരിക്കാനും വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. ഭരണപരമായ സൗകര്യത്തിനും നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി ഹയർ സെക്കന്ററി-ഹൈസ്കൂളുകളെ തമ്മിൽ യോജിപ്പിക്കാനെടുത്ത തീരുമാനം പുന:പരിശോധിക്കണം. മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും മത്സ്യബന്ധനത്തിന് പോകുന്നവരുടെ കണക്കെടുക്കുന്നതിനും സംവിധാനമുണ്ടാകണം.

## VIII പ്രത്യേക പരാമർശം

### ജലദിനം

മി. സ്പീക്കർ: ഇന്ന് ലോക ജലദിനമാണ്. ഭൂമിയിലുള്ള ജലത്തിന്റെ 3.5% മാത്രമാണ് ശുദ്ധജലം. മനുഷ്യന്റെ അനഭിലഷണീയമായ ഇടപെടൽമൂലം കുടിവെള്ള സ്രോതസ്സുകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ജീവജലത്തിനുവേണ്ടിയും ഒരു

ലോകയുദ്ധം ഉണ്ടാകുമോയെന്നുള്ള ആശങ്കയിലാണ് ലോകരാഷ്ട്രങ്ങൾ. ജലം സൂക്ഷിച്ച് ഉപയോഗിക്കാനും ഭാവിതലമുറയ്ക്കുവേണ്ടി ശേഖരിച്ചുസംരക്ഷിക്കാനും കഴിയണം. ഈ ലക്ഷ്യം മുൻനിർത്തിയാണ് 1993 മാർച്ച് 22 മുതൽ യു.എൻ. ജനറൽ അസംബ്ലി ലോക ജലദിനം ആചരിക്കുന്നത്. ജീവജലം സംരക്ഷിച്ച് ജീവൻ നിലനിർത്താനും ഭൂമിയെ കൂടുതൽ ഹരിതാഭമാക്കാനും ജലദിനം നമുക്ക് പ്രേരണയും പ്രചോദനവും ആകണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): 1993 മാർച്ച് 22 മുതൽ ലോക ജിലദിനമായി ആചരിക്കുകയാണ്. 'ജലത്തിനായി പ്രകൃതി' എന്നതാണ് ഈ വർഷത്തിലെ ജലദിനത്തിലെ തീം. ജലസ്രോതസ്സുകൾ അപ്രത്യക്ഷമാകുന്ന നഗരങ്ങളുടെ പട്ടികയിൽ അയൽ സംസ്ഥാനത്തിലെ നഗരവും ഉൾപ്പെട്ടിരിക്കുന്നുവെന്നത് തീവ്രമായ ജലക്ഷാമം കേരളത്തിലും സംഭവിക്കാൻ പോകുന്നുവെന്നതിന്റെ തെളിവാണ്. ലോകത്ത് നടക്കുന്ന മരണങ്ങളിൽ അഞ്ചിലൊന്ന് ജലസംബന്ധമായ രോഗങ്ങളാലാണ് സംഭവിക്കുന്നത്. 2050-ഓടുകൂടി കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവുംമൂലം ലോകത്തിൽ നാലിലൊരാൾക്ക് വീതം ശുദ്ധജലം ലഭിക്കാതാകുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. നീർച്ചാലുകളും പുഴകളും സംരക്ഷിക്കാനും പുനരുജ്ജീവിപ്പിക്കാനും സമൂഹം ഉണർന്ന് പ്രവർത്തിക്കണം. വനങ്ങളും തണ്ണീർത്തടങ്ങളും പുൽമേടുകളും

അടങ്ങിയ പാരിസ്ഥിതിക വ്യൂഹത്തെ സംരക്ഷിച്ചും വിപുലീകരിച്ചും കാലാവസ്ഥാ വ്യതിയാനത്തെ നേരിടണം. ജലവിഭവ മാനേജ്മെന്റിലൂടെ മാത്രമേ രൂക്ഷമായ ജലക്ഷാമം നേരിടാൻ സാധിക്കുകയുള്ളൂ. നദികളുടെ സംരക്ഷണത്തിനും സംപോഷണത്തിനും പുനരുജ്ജീവനത്തിനും ജനപ്രതിനിധികൾ നടത്തുന്ന മാതൃകാപരമായ പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. ജലസ്രോതസ്സുകളെയും ജലസാന്നിദ്ധ്യം ഉറപ്പുനൽകുന്ന പ്രകൃതിയിലെ എല്ലാ ഘടകങ്ങളെയും അടുത്ത തലമുറയ്ക്കായി സംരക്ഷിക്കുമെന്ന് ഈ ജലദിനത്തിൽ പ്രതിജ്ഞ ചെയ്യാം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ജലസുരക്ഷ സംബന്ധിച്ച പാഠഭാഗങ്ങൾകൂടി ഉൾക്കൊള്ളിക്കുന്നതാണ്. സംസ്ഥാനത്തിന് നൽകേണ്ട എസ്.എസ്.എ. വിഹിതം വെട്ടിക്കുറച്ച കേന്ദ്ര ഗവൺമെന്റ് നടപടിയിൽ പ്രതിഷേധം അറിയിക്കുകയും തുക പൂർണ്ണമായും അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സംഘടനാ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണനയിലാണ്. സ്കൂളുകളിൽ ഹൈ-ടെക് സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ വിദ്യാർത്ഥികളുടെ അറിവ് മെച്ചപ്പെടുത്തുന്നതാണ്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന എയ്ഡഡ് സ്കൂളുകളെ

സഹായിക്കുന്നതിനായി ചലഞ്ച് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെ ക്വാളിഫിക്കേഷനിലെ വൈവിദ്ധ്യങ്ങൾ നിലനിർത്തിക്കൊണ്ട് ഒന്നുമുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസ്സുകളെ ഒറ്റ സ്ട്രീമിൽ കൊണ്ടുവരുന്ന കാര്യം ആലോചിക്കുന്നതാണ്. അൺ-റെക്കഗ്നൈസ്ഡ് സ്കൂളുകൾ പൂട്ടുന്നതിനെതിരെയുള്ള പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കും. ഉന്നതവിദ്യാഭ്യാസ മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുൾപ്പെടെ അക്കാദമിക് എക്സലൻസ് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ സാഹചര്യങ്ങൾക്കനുയോജ്യമായ വിധത്തിൽ സർവ്വകലാശാലകളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന കാര്യവും ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്. സംസ്ഥാനത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി കൈരളി അവാർഡ് പ്രഖ്യാപിക്കുന്നതാണ്. ജൂൺ മുപ്പതിനുമുമ്പ് എല്ലാ സ്കൂളുകളിലേയും എട്ടു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഹൈ-ടെക്ക് ആക്കുന്നതാണ്. പാർശ്വവത്കരണമില്ലാത്ത ജനതയെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ ദൃശ്യ-ശ്രവ്യ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് അനുയോജ്യമായ തരത്തിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനും ക്ലാസ്മുറികളിൽ ഡിജിറ്റലൈസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ

യജ്ഞത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ലഹരിമുക്ത വിദ്യാലയം, ഹരിത പ്രോട്ടോകോൾ, യോഗ പരിശീലനം, കായികക്ഷമതാ ക്യാമ്പസ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുപുറമെ വിദ്യാർത്ഥികളെ മലയാളം-ഇംഗ്ലീഷ്-ഹിന്ദി ഭാഷകളിൽ പ്രാവീണ്യമുള്ളവരാക്കുക, ജൈവവൈവിധ്യ ഉദ്യാനത്തിന് അവാർഡ് ഏർപ്പെടുത്തുക, ഉന്നത നിലവാരമുള്ള ലൈബ്രറി, ഇൻഷ്വറൻസ് പരിരക്ഷയുള്ള ക്യാമ്പസ് വാർത്തെടുക്കുക എന്നിവയ്ക്കും പ്രാമുഖ്യം നൽകിയിട്ടുണ്ട്. മതനിരപേക്ഷ സംസ്കാരമുള്ള ജനതയെ വിദ്യാഭ്യാസത്തിലൂടെ വാർത്തെടുക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): നവോത്ഥാന മൂല്യങ്ങൾ തിരിച്ചുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇടപെടലുമാണ് സാംസ്കാരിക വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികവും സ്വാമി വിവേകാനന്ദൻ കേരളത്തിൽ സന്ദർശനം നടത്തിയതിന്റെ 125-ാം വർഷികവും ആചരിച്ചു. സാംസ്കാരിക-വിദ്യാഭ്യാസ-തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയുക്തമായി മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷി ദിനത്തോടനുബന്ധിച്ച് 'രക്തസാക്ഷ്യം' എന്ന പരിപാടി നടത്തുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. യുവകലാകാരൻമാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് നൽകുന്നതിനും സംഗീത നാടക അക്കാദമിയുടെ കീഴിൽ സ്ഥിരം നാടകവേദി ആരംഭിക്കുന്നതിനും സാംസ്കാരിക പൈതൃകം രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ എത്തിക്കുന്നതിനായി പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എഴുത്തച്ഛൻ പുരസ്കാരത്തിന്റെയും ജെ.സി. ഡാനിയേൽ പുരസ്കാരത്തിന്റെയും തുക അഞ്ച് ലക്ഷം രൂപയായും അമ്മാന്നൂർ പുരസ്കാരത്തുക മൂന്ന് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കലാകാരന്മാരുടെ പെൻഷൻ വർദ്ധിപ്പിക്കുകയും ചലച്ചിത്ര മേഖലയിൽ സമഗ്ര നിയമനിർമ്മാണം നടത്തുന്നതിന് നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി കമ്മിറ്റിയെ നിയോഗിക്കുന്നതിനും കിഫ്ബി ധനസഹായത്തോടെ കെ.എസ്.എഫ്.ഡി.സി. തിയേറ്ററുകൾ നിർമ്മിക്കുന്നതിനും എല്ലാ ജില്ലകളിലും സംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും റൂറൽ ആർട്ട് ഹബ്ബുകൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സാംസ്കാരിക ഇടനാഴികൾ വികസിപ്പിച്ചുകൊണ്ട് നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുന്നതിനും പിണറായി ഗ്രാമപഞ്ചായത്തിൽ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതിനും ദുരിതമനുഭവിക്കുന്ന കലാ-സാഹിത്യ പ്രവർത്തകർക്ക് 'സന്തോഷഭവനം' എന്ന വയോമന്ദിരം

സ്ഥാപിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. കേരള കലാമണ്ഡലത്തിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര നൃത്ത-സംഗീതോത്സവം സംഘടിപ്പിക്കുന്നതിനും പുതിയ ക്യാമ്പസിന്റെ നിർമ്മാണം, സംഗീത വാദ്യ ഉപകരണങ്ങളുടെയും ആടയാഭരണങ്ങളുടെയും നിർമ്മാണ-പ്രദർശന-വിപണന യൂണിറ്റ് എന്നിവ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ പങ്കാളികളാക്കിക്കൊണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിന് കേരള ലളിതകലാ അക്കാദമി തീരുമാനമെടുത്തിട്ടുണ്ട്. സംഗീത നാടക അക്കാദമി സംഘടിപ്പിച്ച ലോകോത്തര നാടകോത്സവം ശ്രദ്ധേയമാക്കാൻ സാധിച്ചിട്ടുണ്ട്. കെ.സി.എസ്. പണിക്കർ പുരസ്കാരം, പത്മിനി പുരസ്കാരം, കേസരി പുരസ്കാരം എന്നിവ പുന:സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇന്റർനാഷണൽ ഫിലിം സ്റ്റഡി റിസർച്ച് സെന്ററിന്റെ പണി ഉടൻ പൂർത്തിയാകുന്നതും ഫോക്‌ലോർ അക്കാഡമിയുമായി ചേർന്ന് കലാഭവൻ മണി, മണക്കാടൻ ഗുരുക്കൾ എന്നിവർക്ക് സ്മാരകം പണിയുന്നതുമാണ്. സഞ്ചരിക്കുന്ന പുസ്തകശാല ചെന്നൈ, മുംബൈ, ഡൽഹി എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന്റെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പുനത്തിൽ കുഞ്ഞബ്ദുള്ള, സാംബശിവൻ എന്നിവർക്ക് സ്മാരകം നിർമ്മിക്കുകയും ചെയ്യുന്നതാണ്. ഒ.എൻ.വി. സാംസ്കാരിക സമുച്ചയവും പാലക്കാട് ഒ.വി. വിജയൻ

സ്മാരകവും നിർമ്മിക്കുന്നതിന് തുക അനുവദിക്കുകയും മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള അക്കാഡമിയുടെ ഉപകേന്ദ്രം നാദാപുരത്ത് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഗുരുഗോപിനാഥ് നടന ഗ്രാമത്തിൽ കലാലയ മന്ദിരം നിർമ്മിക്കുകയും ദേശീയ നൃത്ത മ്യൂസിയത്തിന്റെ നിലവാരം ഉയർത്തുകയും ചെയ്യുന്നതാണ്. ജവഹർ ബാലഭവനുകളെ ഏകീകരിക്കാൻ നടപടി സ്വീകരിക്കും. സാംസ്കാരിക മേഖലയെ ശക്തിപ്പെടുത്തുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും സഹകരിക്കണം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കായിക, യുവജന മേഖലയുമായി ബന്ധപ്പെട്ട് അംഗങ്ങൾ ഉന്നയിച്ച നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ഈ സർക്കാർ കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും യുവജന മേഖലയിലെ നവീനമായ പദ്ധതികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. ഇന്റർനാഷണൽ മൽസരങ്ങൾക്ക് കേരളം വേദിയാകുമ്പോൾ ഉണ്ടാകുന്ന വിവാദങ്ങൾ ചർച്ചയിലൂടെ പരിഹരിക്കണം. ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ഏകദിന ക്രിക്കറ്റ് തിരുവനന്തപുരത്തുവച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സ്റ്റേഡിയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിലൂടെ 264 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം

നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ജി.വി. രാജ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂളിലും നിരവധി വികസന പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സ്പോർട്സ് വകുപ്പിൽ ഒരു എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുകയും ദേശീയ ഗെയിംസിന്റെ ഭാഗമായുള്ള 72 കായിക താരങ്ങൾക്ക് ജോലി നൽകുകയും ചെയ്തിട്ടുണ്ട്. സ്പോർട്സ് ക്വാട്ട നിയമനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ സെൽ രൂപീകരിക്കുകയും ഏപ്രിൽ മാസത്തിൽ 249 കായിക താരങ്ങൾക്കുകൂടി നിയമനം നൽകാൻ കഴിയുന്നതുമാണ്. അവർക്കുള്ള ക്യാഷ് അവാർഡ് കുടിശ്ശിക മുഴുവൻ വിതരണം ചെയ്തിട്ടുണ്ട്. വോളിബോൾ രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് അവാർഡ് കൊടുക്കാനും കോഴിക്കോട് ജില്ലയിലെ സി.കെ. രതീഷിന് സർക്കാർ ജോലി നൽകാനും തീരുമാനമെടുത്തിട്ടുണ്ട്. കായിക താരങ്ങൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കാനും കോളേജ് ഗെയിംസ് സംഘടിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കിയിൽ സമ്മർ കോച്ചിംഗ് ക്യാമ്പ് നടത്തുന്നതിനുള്ള സഹായം അനുവദിക്കുന്നതാണ്. ബീനാമോൾ സ്റ്റേഡിയത്തിന്റെ നവീകരണത്തിന് പരിഗണന നൽകുന്നതാണ്. സ്കൂൾ കുട്ടികൾക്ക് കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം എൽ.പി. സ്കൂൾ മുതൽ നൽകുന്നതിന് പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി ആരംഭിക്കുന്നതാണ്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ സഹായം നൽകുന്നതാണ്. സ്കൂൾ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ഈ വർഷം ആരംഭിക്കും. മറ്റ് സോഴ്സുകളിൽനിന്ന് പണം കണ്ടെത്തി കായിക വികസന നിധി രൂപീകരിക്കുന്നതാണ്. സ്പോർട്സ് വകുപ്പിന് കായിക യുവജന കാര്യാലയവും കേരളാ സ്പോർട്സ് കൗൺസിലിനും ഒളിമ്പിക്സ് അസോസിയേഷനും ഒരു ആസ്ഥാനവും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കുന്നതാണ്. പി.എസ്.സി. നിയമനങ്ങളിൽ കായിക താരങ്ങൾക്ക് ഒരു ശതമാനം സംവരണം ഏർപ്പെടുത്തുന്നതിനുപുറമെ വെയിറ്റേജ് മാർക്ക് നൽകുന്നതിന് നിലവിലുള്ള കായിക ഇനങ്ങൾക്ക് പുറമേ എട്ട് ഇനങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്പോർട്സ് ക്വാട്ട നിയമനത്തിലുള്ള കുടിശ്ശിക തീർക്കുന്നതാണ്. അന്തർദ്ദേശീയ മത്സരങ്ങളിലെ മെഡൽ ജേതാക്കൾക്ക് ജോലി ലഭ്യമാക്കുകയും മികവു തെളിയിക്കുന്നവർക്ക് പാരിതോഷികം നൽകുന്നതിനുള്ള മാനദണ്ഡം കാലോചിതമായി പരിഷ്കരിക്കുകയും ചെയ്യുന്നതാണ്. കായികതാരങ്ങൾക്ക് ഇൻഷ്വറൻസും പെൻഷനും ഏർപ്പെടുത്തുന്നതാണ്. യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി ആദിവാസി മേഖലയിലുൾപ്പെടെ യുവക്ലബ്ബുകൾ രൂപീകരിക്കുന്നതിനും

ടോൾഫ്രീ നമ്പറിലൂടെ യുവജനങ്ങൾക്ക് നിയമസഹായം നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സംസ്ഥാന പുരാവസ്തു പുരാരേഖാ വകുപ്പുകളെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിന് വിദഗ്ദ്ധ ഏജൻസിയെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആറ് ജില്ലകളിൽ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പുരാവസ്തു ശേഖരത്തിന്റെ ഡിജിറ്റൽ ഇൻവെന്ററി തയ്യാറാക്കുന്നതിനും മ്യൂസിയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പത്മനാഭപുരം കൊട്ടാരം യുനെസ്കോയുടെ ലോകപൈതൃക പട്ടികയിൽ പ്രഥമ സ്ഥാനം നേടിയത് അഭിമാനകരമാണ്. മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും പുരാരേഖാ വകുപ്പിന്റെ കീഴിലുള്ള സ്കൂൾ ഓഫ് എപ്പിഗ്രാഫിയെ ദേശീയ നിലവാരത്തിലേയ്ക്കുയർത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മഹാന്മാരുടെ കയ്യൊപ്പുകൾ സൂക്ഷിക്കുന്ന കയ്യൊപ്പ് രേഖാമ്യൂസിയം തിരുവനന്തപുരത്ത് ആരംഭിക്കുന്നതാണ്. കണ്ണൂരിലെ പഴശ്ശി

കോവിലകം, മാളയിലെ യഹൂദസ്മാരകങ്ങൾ തുടങ്ങിയവ സംരക്ഷിത സ്മാരകമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. വയനാട് കുങ്കിച്ചിറ മ്യൂസിയം ഈ വർഷം പൂർത്തിയാക്കുന്നതിനും തിരുവനന്തപുരം നാച്വറൽ ഹിസ്റ്ററി മ്യൂസിയം, നേപ്പിയർ മ്യൂസിയം എന്നിവ ആധുനികവൽക്കരിക്കുന്നതിനും മ്യൂസിയം വകുപ്പിൽ ആർട്ട് ഗാലറി നിർമ്മിക്കുന്നതിന് കേന്ദ്ര അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പല്ലിശ്ശേരിയിൽ എ.കെ.ജി. സ്മൃതിമ്യൂസിയവും ഡിജിറ്റൽ ലൈബ്രറിയും കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളിയിൽ തെയ്യം മ്യൂസിയവും നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചരിത്രസ്മാരകങ്ങളും പുരാവസ്തുക്കളും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ സാംസ്കാരിക വകുപ്പിന്റെ പിന്തുണ എടുത്തുപറയേണ്ടതാണ്. പുരാവസ്തു സംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് സർക്കാർ നടപടിയെടുത്തിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): മത്സ്യത്തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനുള്ള ശക്തമായ ഇടപെടലുകളാണ്

സർക്കാർ നടത്തുന്നത്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എം.എഫ്.ആർ. ആക്ടിൽ ഭേദഗതി വരുത്തുകയും ആവശ്യമായ പ്രതിരോധ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് വ്യാപകമായതാണ് പ്രധാനമായും മത്സ്യസമ്പത്ത് കുറയാൻ കാരണമായത്. ഈ സർക്കാർ വന്നതിനുശേഷം 58 ഇനം മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിക്കുകയും നിയമം ലംഘിക്കുന്നവർക്ക് ഉയർന്ന പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യമേഖലയ്ക്കുള്ള വിഹിതം ലഭ്യമാക്കുന്നതിൽ കേന്ദ്ര സർക്കാർ വലിയ അലംഭാവമാണ് കാണിക്കുന്നത്. മത്സ്യബന്ധന തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് അംഗീകരിച്ച തുകപോലും നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. ഈ സർക്കാർ രണ്ട് വർഷത്തിനുള്ളിൽ 5347 പുതിയ ഭവനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നിർമ്മിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. മത്സ്യ മേഖലയിൽ മൂലധന നിക്ഷേപം നടത്തുന്നതിനായി 434 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുനയ്ക്കൽകടവ് ഹാർബറിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും കൊയിലാണ്ടി, തലായി, ചേറ്റുവ എന്നീ ഹാർബറുകൾ കമ്മീഷൻ ചെയ്യുന്നതുമാണ്. ഗ്രീൻ കോറിഡോർ പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ഉറപ്പാക്കുന്നതാണ്.

ചെല്ലാനം ഹാർബറിലെ വാർഫ് നിർമ്മാണത്തിന് 10.37 കോടി രൂപയുടെ ഭരണാനുമതി നൽകിയതിനുപുറമെ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി പതിമൂന്ന് കോടി രൂപ എറണാകുളം ജില്ലാ കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുമുണ്ട്. പുതിയാപ്പ, തങ്കശ്ശേരി, വെള്ളയിൽ എന്നീ ഹാർബറുകളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പൂന്തുറയിൽ ഓഫ് ഷോർ പണിയുന്നതിന് തീരുമാനമെടുത്തു. പരപ്പനങ്ങാടി-ചെത്തി ഹാർബറിന്റെ പണി കിഫ്ബി വഴി നടപ്പിലാക്കുന്നതാണ്. താനൂർ, മഞ്ചേശ്വരം, തോട്ടപ്പള്ളി, ചെത്തി, കാസർഗോഡ്, കായംകുളം, മുനമ്പം, നീണ്ടകര തുടങ്ങി പതിനൊന്ന് ഹാർബറുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു. ഉൾനാടൻ മത്സ്യ ഉത്പാദനം ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടെ 76.4 കോടി രൂപ നീക്കിവച്ചതിനുപുറമെ മുപ്പത്തിയൊന്ന് മത്സ്യഭവനുകൾ ആരംഭിക്കുന്നതും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതുമാണ്. മത്സ്യക്കുഞ്ഞുങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മത്സ്യഫെഡിന് കീഴിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പ്രൈമറി സംഘങ്ങളിലും പെയ്ഡ് സെക്രട്ടറിമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഓഖി ദുരന്തത്തിനിരയായവരുടെ കൃത്യമായ കണക്കുകൾ ശേഖരിക്കുന്നതിനും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും സർക്കാരിന് സാധിച്ചു. പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കാനുള്ള അവകാശം

മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കുന്നതിന്റെ ഭാഗമായി മത്സ്യഫെഡിന് ലേല പ്രക്രിയയിൽ ഇടപെടൽ നടത്തുന്നതിനും മത്സ്യവിൽപ്പനയ്ക്കായി മാർക്കറ്റ് ശൃംഖല ഒരുക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിലേയ്ക്കായി നബാർഡിൽനിന്ന് 100 കോടി രൂപ വായ്പയെടുക്കുന്നതിനും ആദ്യഘട്ടത്തിൽ 500-ഓളം മത്സ്യത്തൊഴിലാളികൾക്ക് യാനങ്ങൾ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മത്സ്യഫെഡിനെ ശാക്തീകരിക്കുന്നതിനും ശുദ്ധജല അലങ്കാര മത്സ്യങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തുന്നതിനുമായി കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ)-നെ പുനരുദ്ധരിക്കുന്നതിനും സ്ത്രീകൾക്ക് പ്രത്യേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി റോഡ് വികസന പ്രോജക്ട് ഫണ്ട് 126 കോടി രൂപയായി വർദ്ധിപ്പിക്കുകയും നിരവധി പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഓഖി ദുരിതാശ്വാസത്തിനായി കേന്ദ്ര ഫണ്ട് ലഭ്യമാകാത്തതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് മത്സ്യബന്ധന വകുപ്പ് വിവിധ പ്രോജക്ടുകൾ സമർപ്പിക്കുകയും മറൈൻ ആംബുലൻസ് ലഭ്യമാക്കുന്നതിനായി കൊച്ചിൻ ഷിപ്പ്‌യാർഡിനെ ചുമതലപ്പെടുത്തുകയും ദുരന്തത്തിൽപ്പെട്ട് കാണാതായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിനും നടപടിയെടുത്തിട്ടുണ്ട്. ധനാഭ്യർത്ഥന

പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വിദ്യഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും 30-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

<u>ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ</u>

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2018-19 സാമ്പത്തിക വർഷത്തെ

ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ധനാഭ്യർത്ഥനകൾ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.45-ന് പിരിഞ്ഞു.)

- - -